LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിനെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ നടപടി

23 [1228] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെൽട്രോണിൽ നിന്ന് എത്ര ജീവനക്കാരെ വി.ആർ.എസ്. പദ്ധതി പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) വി.ആർ.എസ്. നടപ്പിലാക്കുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരുന്നത് ;

(സി) വി.ആർ.എസ്. നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാനും കെൽട്രോണിനെ കടക്കെണിയിൽനിന്നും രക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോൾഡിംഗ് കമ്പനിയായ കെ. എസ്. ഇ. ഡി. സി.-യിൽ നിന്നും 704 പേരെ വി.ആർ.എസ്. പദ്ധതി പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) 40 വയസ് പൂർത്തിയാകുകയോ, 10 വർഷത്തിൽ കുറയാതെയുള്ള സേവനമുള്ളവരോ ആണ് വി. ആർ. എസ്.-ന് അർഹതപ്പെട്ടത്. വി. ആർ. എസ്. പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഓരോ വർഷത്തിനും ഒന്നര മാസത്തെ ശമ്പളമോ അല്ലെങ്കിൽ സർവീസ് അവസാനിക്കാൻ ശേഷിക്കുന്ന മാസങ്ങളുടെ ശമ്പളമോ ഇതിൽ ചെറിയ തുകയായിരിക്കും വി. ആർ. എസ്. തുകയായി നൽകുന്നത്. കൂടാതെ പി. എഫ്., ഗ്രാറ്റുവിറ്റി, ഏൺഡ് ലീവ് സറണ്ടർ, നോട്ടീസ് പേ എന്നിവയ്ക്കും അർഹതയുണ്ടായിരിക്കും

(സി) ഇല്ല

(ഡി) ഇതിലേക്കുള്ള കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

കെൽട്രോണിന് പ്രതിരോധ വകുപ്പിൽനിന്നും ലഭിച്ച ഓർഡറുകൾ

24 [1229] ശ്രീ. ബി. വിജയകുമാർ :

„ എം. എം. ഹസ്സൻ :

„ കെ. എ. ചന്ദ്രൻ :

„ ഡി. സുഗതൻ :

„ സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന് പ്രതിരോധ വകുപ്പിൽ നിന്ന് ഈ വർഷം എത്ര തുകയ്ക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട് ;

(ബി) പ്രതിരോധ വകുപ്പിനുവേണ്ടി എന്തെല്ലാം സാധനങ്ങളാണ് കെൽട്രോൺ നിർമ്മിച്ചുനൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രതിരോധ വകുപ്പിൽനിന്ന് 16 കോടി രൂപയ്ക്കുള്ള ഓർഡർ കർകുളത്തെ സ്പെഷ്യൽ പ്രോഡക്ട്സ് ഡിവിഷനും, 1.55 കോടി രൂപയുടെ ഓർഡർ കുറ്റിപ്പുറത്തെ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡിനും ഈ വർഷം ലഭിച്ചിട്ടുണ്ട്.

(ബി) പ്രോസസർ ബേസ്ഡ് ഗ്രൗണ്ട് മൈൻ, അണ്ടർ വാട്ടർ ടെലിഫോൺ, ഇലക്ട്രോ മാഗ്നറ്റിക് ലോഗ്, എക്കോ സൗണ്ടർ, എക്സ്. ബി. റ്റി. പ്രോബ്, സോണോ ബോവി, റേഞ്ചർ ബോവി, ഇന്റർ ഫേസ് യൂണിറ്റ്, പേഴ്സണൽ റസ്ക്യൂ ബീക്കൺ, സ്മാർട്ട് കാർഡ് അധിഷ്ഠിത അക്സസ് കൺട്രോൾ സിസ്റ്റം, ട്രാൻസ് ഡ്യൂസർ തുടങ്ങിയവ നിർമ്മിച്ചുനൽകുന്നു.

കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ടെക്നീഷ്യൻസ് (വർക്ക്ഷോപ്പ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

25 [1230] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് എഞ്ചിനീയറിംഗ് ടെക്നീഷ്യൻസ് (വർക്ക്ഷോപ്പ്) ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനം ഇപ്പോൾ നിലവിലുണ്ടോ ; പ്രസ്തുത സ്ഥാപനത്തിന്റെ സ്കൂട്ടർ ഡിവിഷനിൽ എത്രപേർ ജോലി ചെയ്തിരുന്നു ; അവരുടെ പേരുവിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര ഷെയർ ഹോൾഡേഴ്സ് ഉണ്ടായിരുന്നുവെന്നും സ്ഥാപനം പൂട്ടിയപ്പോൾ ഓരോരുത്തർക്കും എത്ര തുക നൽകിയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിരുന്ന എത്ര ആളുകൾക്ക് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ (കെ. എ. എൽ.) ജോലി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഓരോരുത്തരുടേയും പേരും പദവിയും തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) കേരള ഹൈക്കോടതിയിൽ ഒ. പി. 4191/84 പ്രകാരം നിലവിലുണ്ടായിരുന്ന കേസ്സിൽ ഇൻകോസിലെ ജീവനക്കാർക്ക് കെ. എ. എൽ-ൽ ജോലി നൽകുവാൻ വിധി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ; ആയതിന് എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഒ. പി. 4191/84-ന് അപ്പീൽ സുപ്രീം കോടതിയിൽ നിലവിലുണ്ടോ ; ആയതിൽ വിധി ആയിട്ടുണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ; വിധിയുടെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly